പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6517

11.07.2012-ൽ മറുപടിക്ക്.

## ചിറയിൻകീഴ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ;<br><br>(സി) കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; ഉണ്ടെങ്കിൽ ഈ തടസ്സങ്ങൾ നീക്കി പണി നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | : (ബി) & (സി)<br>ചിറയിൻകീഴ് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ കെ.പി.എച്ച്.സി.സി.യ്ക്ക് അനുവദിച്ചു നൽകുകയും അതിൻപ്രകാരം കെ.പി.എച്ച്.സി.സി. കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ടെണ്ടറുകൾ ക്ഷണിച്ച് കരാറുകാരനെ ഏർപ്പാടാക്കുകയും ചെയ്തിരുന്നു. എന്നാൽ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തു-കൂടി വൈദ്യുതി ലൈൻ കടന്നുപോകുന്നതിനാലും അവ മാറ്റിക്കിട്ടുന്നതിന് കാലതാമസം ഉണ്ടായതിനാലും കരാറുകാരൻ നിർമ്മാണ പ്രവൃത്തി തുടങ്ങിയില്ല. മാത്രമല്ല ടി പ്രവൃത്തി ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുവാൻ കരാറുകാരൻ ആവശ്യപ്പെട്ടു. ആയതിനാൽ ടി കരാറുകാരനെ പ്രവൃത്തി ചെയ്യുന്നതിൽ നിന്നും ഒഴിവാക്കി. വൈദ്യുത ലൈൻ മാറ്റിയതിനുശേഷം പുതുതായി ടെണ്ടറുകൾ ക്ഷണിച്ച് കരാർ ഉറപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് യാതൊരു തടസ്സവുമില്ല. നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. |
| (ഡി) ഈ കെട്ടിടം എന്ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനക്ഷമ-മാക്കുമെന്ന് വ്യക്തമാക്കുമോ ? | : (ഡി) ആഗസ്റ്റ് മാസം അവസാനത്തോടുകൂടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ